ഹൈഡ്രോസ് ഉല്പാദനം

* 226 [812] ശ്രീ. പി. പി. കൃഷ്ണൻ:
,, കെ. ചാത്തുണ്ണി മാസ്റ്റർ:
,, ആർ. കൃഷ്ണൻ (ആലത്തൂർ):
,, എ. പി. കുര്യൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, വി. എസ്. അച്യുതാനന്ദൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളിൽ ഹൈഡ്രോസ് ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഹൈഡ്രോസിന്റെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്;

(ഡി) ഈ വിലവർദ്ധനവുമൂലം കൈത്തറി വ്യവസായം തകരുകയും അനേകം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ആലുവായിലുള്ള ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ ഉല്പാദിപ്പിക്കപ്പെടുന്നു.

(ബി) ഉണ്ട്.

(സി) സൽഫർഡയാക്സയിഡിന്റെ ലഭ്യതക്കുറവുമൂലം ഹൈഡ്രോസ് ഉല്പാദനത്തിൽ കുറവുണ്ടാകുകയും തൽഫലമായി ഉല്പാദനച്ചെലവു വർദ്ധിക്കുകയും ചെയ്തു. ടി. സി. സി. യുടെ പ്രധാന ഉല്പന്നമായ കാസ്റ്റിക് സോഡാ കാര്യമായ ലാഭമുള്ളതല്ലാത്തതിനാൽ കമ്പനിയുടെ പ്രവർത്തനത്തിൽ ന്യായമായ വരുമാനം ലഭിക്കുന്നതിനുവേണ്ടി ഹൈഡ്രോസിന്റെ വിലയിൽ വർദ്ധനവു വരുത്തേണ്ടി വന്നിട്ടുണ്ട്.

(ഡി, ഇ) ഈ വിധത്തിൽ പരാതികളും ലഭിച്ചിട്ടുണ്ട്. തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീ. പി. പി. കൃഷ്ണൻ: വിലയിൽ എത്ര ശതമാനംകണ്ട് വർദ്ധിച്ചിട്ടുണ്ട്?

ശ്രീ. ടി. വി. തോമസ്: ഏതാണ്ട് നൂറു ശതമാനം കണ്ട് വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: ഹൈഡ്രോസിന്റെ ഉല്പാദനം വളരെ വർദ്ധിച്ച പരിതസ്ഥിതിയിൽ ഇത്രയധികം, നൂറു ശതമാനത്തിലധികം വില വർദ്ധനവിനു കാരണമെന്താണ്?

ശ്രീ. ടി. വി. തോമസ്: കാരണം ഇതിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിലാണെന്നു തോന്നുന്നു ഇതിന്റെ വില വർദ്ധിപ്പിക്കാത്തതു് അഴിമതിയുടെ ലക്ഷണമാണെന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിച്ചു. അതുകാരണം ബോർഡുകാർ വിരണ്ട് വില കൂട്ടിയിരിക്കുകയാണു്. അതിനെപ്പറ്റി ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബോർഡിന്റെ തീരുമാനം പ്രസംഗത്തിനു മുമ്പാണോ?

ശ്രീ. ടി. വി. തോമസ്: അതിനുശേഷം കൂടിയ ബോർഡു യോഗത്തിലാണ് തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇതിന്റെ ഫലമായിട്ടു് അനേകം കൈത്തറി നെയ്ത്തു തൊഴിലാളികൾക്കു് തൊഴിലില്ലാതെ വന്നിട്ടുണ്ടെന്നറിയാമോ, അങ്ങനെ തൊഴിലില്ലാതെ വന്നവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇതിന്റെ വിലയുടെ കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ശ്രദ്ധിക്കുമോ?

ശ്രീ. ടി. വി. തോമസ്: ബഹുമാനപ്പെട്ട മെമ്പറുടെ ഈ അഭിപ്രായം വളരെ സഹായകരമായ ഒരു നിർദ്ദേശമായി പരിഗണിക്കുന്നതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൈത്തറി വ്യവസായ സംഘങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ആവശ്യം കണക്കിലെടുത്തുകൊണ്ടു് ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് റക്കമെൻറു ചെയ്യുന്നതനുസരിച്ചുള്ള ഹൈഡ്രോസ് കൺസഷൻ റേറ്റിൽ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: അതു് ആലോചിക്കാവുന്നതാണു്.

ശ്രീ. എ. എസ്., എൻ. നമ്പീശൻ: ടി. സി. സി. യുടെ ഹൈഡ്രോ സൽഫേറു് അനധികൃതമായി വിറ്റിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഒരു ശതമാനം ഒന്നര ശതമാനം നേരിട്ടു വിറ്റു കാണും. ബാക്കി മുഴവനും അംഗീകൃത ഏജൻസി മുഖേനയാണു് വിറ്റതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഈ നിയമസഭയിലെ പരാമർശനത്തിന്റെ പേരിലാണു് വില കൂട്ടിയതെന്നു പറയുകയുണ്ടായി. എന്നാൽ വിലയുടെ കുറവിനെ സംബന്ധിച്ചു് ആരും പറഞ്ഞില്ല. അംഗീകൃത ഏജൻസികൾ മുഖേന വിതരണം ചെയ്യാതെ അനധികൃതമായി സ്വകാര്യ വ്യക്തികൾക്കു കൊടുത്തു എന്നുള്ള രീതിയിലാണു് സംസാരമുണ്ടായതു്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ടി. സി. സി. യിലെ ഉല്പാദനമായ ഹൈഡ്രോസിന്റെ നല്ല ഒരു ശതമാനം നെയ്ത്തു തൊഴിലാളി സഹകരണ സംഘങ്ങൾക്കു് മാസംതോറും കോട്ടാ അടിസ്ഥാനത്തിൽ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെ കോട്ടാ നിശ്ചയിച്ചു കൊടുക്കാൻ പ്രയാസമാണു്. കൈത്തറി വ്യവസായത്തിനു് മുൻഗണന കൊടുത്തുകൊണ്ടു് വിതരണം നടത്തണമെന്നു് ഏജൻസികളോടു പറയുകയും അതു നടപ്പിലാക്കാൻ പരിശ്രമിക്കുകയും ചെയ്യാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ശ്രീമാൻ നമ്പീശൻ ഉന്നയിച്ചതു എസ്റ്റിമേറു കമ്മിറ്റി ഈ ഉല്പന്നം ഏജൻസിവഴി കൊടുക്കരുതെന്നും ഡയറക്ടറേയിൽസ് ആരംഭിക്കണമെന്നും പറഞ്ഞു സമർപ്പിച്ചിട്ടുള്ള ശുപാർശ ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടോ, മാനേജിംഗ് ബോർഡു പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: എസ്റ്റിമേറു കമ്മിറ്റി ഡയറക്ടറേയിൽസ് പ്രോത്സാഹിപ്പിക്കണമെന്നും മറ്റു കേന്ദ്രങ്ങൾ അങ്ങനെ ചെയ്യുന്നതു് കുഴപ്പമാണെന്നും പറഞ്ഞിട്ടുണ്ടു്. ഈ രണ്ടു നിർദ്ദേശങ്ങളുടെയിടയിൽ ഗവണ്മെൻറു് കുഴഞ്ഞുനിൽക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly